പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

26-03-2021

# പരീക്ഷക്കാലത്ത് കായികമേളകൾ വേണ്ടെന്ന് ബാലാവകാശ കമ്മീഷൻ

സർക്കാരിന്റെയോ സ്പോർട്സ് കൗൺസിലിന്റെയോ നിയന്ത്രണത്തിൽ പരീക്ഷക്കാലത്ത് കായികമത്സരങ്ങളും ചാമ്പ്യൻഷിപ്പുകളും നടത്തുന്നത് വിലക്കി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. പഠന-പഠനേതര വിഷയങ്ങളിലുള്ള കുട്ടികളുടെ പങ്കാളിത്തം ഒരുപോലെ ഉറപ്പാക്കാനും ആർക്കും അവസരം നഷ്ടപ്പെടാതിരിക്കാനും പരീക്ഷക്കാലത്ത് എല്ലാവിധ ചാമ്പ്യൻഷിപ്പുകളും വിലക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നതായി കമ്മീഷൻ അംഗം കെ. നസീർ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കി.

പരീക്ഷ നടക്കുന്ന മാർച്ച് 22 മുതൽ 27 വരെ സബ് ജൂനിയർ, ജൂനിയർ വിദ്യാർത്ഥികളുടെ അന്തർജില്ല ഫുട്ബാൾ ചാമ്പ്യൻഷിപ്പ് നടത്തുമെന്ന് അറിയിച്ച് കേരള ഫുട്ബാൾ അസോസിയേഷൻ 14 ജില്ല അസോസിയേഷനുകൾക്കും കത്തയച്ചതിനെതിരേ തിരുവനന്തപുരം ജില്ലയിലെ പാലോട് കുശവൂർ അക്ഷരയുടെ പ്രസിഡന്റ് എസ്.ടി ബിജു നൽകിയ പരാതിയിന്മേലാണ് കമ്മീഷൻ ഉത്തരവ്. ജൂനിയർ വിഭാഗത്തിൽ കളിക്കേണ്ടത് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന കുട്ടികളാണെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടി. പരീക്ഷക്കാലത്തെ കായികമേളകൾ കുട്ടികളുടെ പഠനത്തെ ബാധിക്കുന്നതോടൊപ്പം പല മത്സരാർത്ഥികൾക്കും അവസരം നഷ്ടപ്പെടുത്താൻ ഇടയാക്കുമെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടി. സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത സംഘടനകൾ പരീക്ഷക്കാലയളവിൽ മത്സരങ്ങൾ നടത്താൻ പാടില്ലെന്ന് കായിക - യുവജനകാര്യ സെക്രട്ടറി, സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി എന്നിവർ ഉത്തരവിറക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**